# പതിനാലാം കേരള നിയമസഭ

## ഒമ്പതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 690** — **24/01/2018-ൽ മറുപടിയ്ക്ക്**

## കേരള ബാങ്ക്

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.കെ.എം.മാണി | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) | കേരള ബാങ്ക് സ്ഥാപിക്കുന്നതിന് നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; റിസർവ് ബാങ്കിന്റെയും കേന്ദ്രസർക്കാരിന്റെയും അനുമതി തേടിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; | (എ) | കേരള സഹകരണ ബാങ്ക് രൂപീകരിക്കുന്നതിനുള്ള സാദ്ധ്യതകൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി പ്രൊഫ. എം.എസ്.ശ്രീറാം ചെയർമാനായി സർക്കാർ 5 അംഗ വിദഗ്ധ സമിതിയെ നിയോഗിച്ചിരുന്നു. വിദഗ്ധ സമിതി 28.04.2017 ന് റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചു. കമ്മിറ്റിയുടെ റിപ്പോർട്ട് സർക്കാർ തത്വത്തിൽ അംഗീകരിക്കുകയും കേരള സഹകരണ ബാങ്ക് രൂപീകരണം പ്രായോഗിക തലത്തിൽ നടപ്പിലാക്കുന്നതിനായി നബാർഡിൽ നിന്നും ചീഫ് ജനറൽ മാനേജരായി റിട്ടയർ ചെയ്ത ശ്രീ. വി.ആർ. രവീന്ദ്രനാഥ് ചെയർമാനായി ഒരു ടാസ്ക് ഫോഴ്സിനെ നിയോഗിച്ചിട്ടുണ്ട്. ഇപ്രകാരം നിയോഗിച്ച ടാസ്ക് ഫോഴ്സ് കേരള സഹകരണ ബാങ്ക് രൂപീകരിക്കുന്നതിനുള്ള പ്രവർത്തനം നടത്തി വരുന്നു. റിസർവ്വ് ബാങ്കിന്റെ തത്വത്തിലുള്ള പ്രാഥമികാനുമതി തേടിയിട്ടുണ്ട് |
| (ബി) | കേരള ബാങ്ക് സ്ഥാപിക്കുവാൻ എന്തെല്ലാം ബുദ്ധിമുട്ടുകളുണ്ടെന്ന് വിശദമാക്കുമോ; അത് പരിഹരിക്കുവാൻ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു; | (ബി) | കേരള സഹകരണ ബാങ്ക് സ്ഥാപിക്കുവാൻ കേരള സഹകരണ സംഘം നിയമത്തിലും ചട്ടങ്ങളിലുമുള്ള നടപടിക്രമങ്ങൾ പാലിക്കേണ്ടതുണ്ട്. കൂടാതെ ലയനം നടത്തേണ്ട ജില്ലാ സഹകരണ ബാങ്കുകളും സംസ്ഥാന സഹകരണ ബാങ്കും റിസർവ്വ് ബാങ്കിന്റെ ബാങ്കിംഗ് ലൈസൻസുള്ള സഹകരണ സ്ഥാപനങ്ങൾ ആയതിനാൽ റിസർവ്വ് ബാങ്ക് നിഷ്കർഷിക്കുന്ന റഗുലേറ്ററി നോംസും പാലിക്കേണ്ടതുണ്ട്. മേൽ പരാമർശിച്ച നിയമനടപടികൾ പൂർത്തിയാക്കുവാൻ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | കേരള ബാങ്ക് എന്ന് നിലവിൽ വരുമെന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നത്; വ്യക്തമാക്കാമോ ? | (സി) | കേരള സഹകരണ ബാങ്ക് 2018 കലണ്ടർ വർഷത്തിൽ യഥാർത്ഥ്യമാക്കുവാൻ കഴിയും എന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ